(സി) നോൺ മാനേജീരിയൽ വിഭാഗങ്ങളിലെ നിയമനങ്ങൾക്ക് 40% മത്സ്യത്തൊഴിലാളി സമുദായത്തിലെ ഉദ്യോഗാർത്ഥികൾക്കായി സംവരണം ചെയ്തിട്ടുണ്ട്.

(ഡി) 26. (ഇരുപത്തിയാറ്).

(ഇ) അനുബന്ധം രണ്ടിൽ ചേർത്തിരിക്കുന്നു.

ക്ലസ്റ്റർ വില്ലേജുകൾ

91 [99] ശ്രീ. വി. ദിനകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യഫെഡിന്റെ പരിപാടി അനുസരിച്ച് എത്ര ഗ്രാമസംഘങ്ങൾ ഇതുവരെ ക്ലസ്റ്റർ വില്ലേജുകളാക്കി ഏറ്റെടുത്തിട്ടുണ്ട്;

(ബി) അവ ഏതെല്ലാം; ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(സി) 1986–87 വർഷത്തിൽ എത്ര ഗ്രാമസംഘങ്ങൾ ക്ലസ്റ്റർ വില്ലേജുകളായി ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നു; ജില്ല തിരിച്ച് അവയുടെ വിവരം വ്യക്തമാക്കാമോ?

ഉത്തരം

(എ) എൻ.സി.ഡി.സി. പദ്ധതി പ്രകാരം 15-ഉം വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതി പ്രകാരം 54-ഉം ഗ്രാമസംഘങ്ങൾ ക്ലസ്റ്റർ വില്ലേജുകളാക്കി ഏറ്റെടുത്തിട്ടുണ്ട്.

(ബി) എൻ.സി.ഡി.സി. പദ്ധതി 15 എണ്ണം.

തിരുവനന്തപുരം ജില്ല: 5 എണ്ണം. കൊച്ചുതുറ, പുതിയതുറ, പള്ളം, പുല്ലുവിള, അടിമലത്തുറ.

എറണാകുളം ജില്ല: 5 എണ്ണം. കണ്ണമാലി, കണ്ണടക്കടവ്, ചെറിയകടവ്, മാനാശ്ശേരി, സൗദി.

കണ്ണൂർ ജില്ല: 5 എണ്ണം. ചാലിൽ ഗോപാലപേട്ട, പാലിശ്ശേരി, തയ്യിൽ, കണ്ണൂർ സിറ്റി, അഴീക്കോട് കടപ്പുറം.

ആകെ—15

വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതി 54 എണ്ണം.

തിരുവനന്തപുരം ജില്ല: (8 എണ്ണം). സൗത്ത് കൊല്ലംകോട്, പനത്തുറ, ബീമാപള്ളി, പൂന്തുറ, വലിയതുറ, കൊച്ചുതോപ്പ്, വലിയവേളി, വെട്ടുകാട്.

കൊല്ലം ജില്ല: (4 എണ്ണം). ഇരവിപുരം സൗത്ത്, പണ്ടാരത്തുരുത്ത്, ചെറിയഴീക്കൽ, അഴീക്കൽ.

ആലപ്പുഴ ജില്ല: (6 എണ്ണം). കളളിക്കാട്, ആറാട്ടുപുഴ, അമ്പലപ്പുഴ, നീർക്കുന്നു, പുന്നപ്ര (നോർത്ത്), പള്ളിത്തോട്.

എറണാകുളം ജില്ല: (7 എണ്ണം). ഓച്ചന്തുരുത്ത്, മാലിപ്പുറം, എളങ്കുന്നപ്പുഴ, ഞാറയ്ക്കൽ, പഴങ്ങാട്, ചെല്ലാനം, നായരമ്പലം.

തൃശ്ശൂർ ജില്ല: (6 എണ്ണം). എറിയാട്, എടവിലങ്ങ്, കയ്പമംഗലം, ഏനാമാവ്, ചാപ്പളളിപ്പുറം, കടപ്പുറം.

GPM. 2/489/09

LIBRARY ARCHIVES Kerala Legislative Assembly

മലപ്പുറം ജില്ല: (6 എണ്ണം). കടലുണ്ടി നഗരം, മുക്കാടി, മരക്കടവ്, കൂടായി, പുതിയ കടപ്പുറം, അരിയല്ലൂർ ബീച്ച്.

കോഴിക്കോട് ജില്ല: (7 എണ്ണം). എലത്തൂർ, കുരിയാടി, മേലടി, കൊയിലാണ്ടി, ചെറിയമങ്ങാട്, ചാലിയം, തെക്കേകടപ്പുറം.

കണ്ണൂർ ജില്ല: (5 എണ്ണം). കുറിച്ചിയിൽ, എടക്കാട്ടു പുതിയങ്ങാടി കടപ്പുറം, മാട്ടൂൽ, തയ്യിൽ.

കാസർകോഡ് ജില്ല: (5 എണ്ണം). തൃക്കരിപ്പൂർ കടപ്പുറം, പള്ളിക്കര, കീഴൂർ, കസബ, തെക്കെകടപ്പുറം.

(സി) 1986–87 വർഷത്തിൽ എൻ.സി.ഡി.സി. പദ്ധതി രണ്ടാംഘട്ടം പരിപാടിയുടെ ഭാഗമായി 7 ജില്ലകളിലായി മൊത്തം 40 ഗ്രാമസംഘങ്ങൾ ക്രസ്റ്റർ വില്ലേജുകളായി ഏറെടുക്കാൻ ഉദ്ദേശമുണ്ട്. ഇത് സംബന്ധിച്ച വിശദമായ സർവ്വേ നടന്നുകൊണ്ടിരിക്കുകയാണ്. സർവ്വേയ്ക്കുശേഷമേ ജില്ല തിരിച്ചുള്ള വിശദവിവരം അറിയാൻ സാദ്ധ്യമാവൂ. താഴെ പറയുന്ന ജില്ലകളിലാണ് ക്രസ്റ്റർ വില്ലേജുകൾ പുതുതായി രൂപീകരിക്കാൻ ഉദ്ദേശിക്കുന്നത്. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, കാസർകോഡ്.

അമ്പലപ്പുഴ തീരദേശ റോഡ്

92 [100] ശ്രീ. വി. ദിനകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അമ്പലപ്പുഴ നിയോജകമണ്ഡലത്തിലെ സ്കൂട്ടർ ഫാക്ടറി അമ്പലപ്പുഴ തീരദേശറോഡ് ഫിഷറീസ് ഡിപ്പാർട്ടുമെന്റ് ഏറെറടുത്ത് മെറ്റൽ ചെയ്ത് ടാർ ചെയ്യണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിൻമേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഗവൺമെന്റിന്റെ സാമ്പത്തിക ഞെരുക്കം കാരണം മുൻ വർഷങ്ങളിൽ എടുത്തിട്ടുള്ളതും പൂർത്തിയായിട്ടില്ലാത്തതുമായ ജോലികൾ മുൻഗണനാടിസ്ഥാനത്തിൽ ഈ വർഷം പൂർത്തിയാക്കുവാനാണ് ഗവൺമെന്റ് തീരുമാനിച്ചിട്ടുള്ളത്. അപ്രകാരം എല്ലാ വർക്കുകളും തീരുന്നതുവരെ പുതിയ വർക്കുകളൊന്നും എടുക്കുവാൻ സാദ്ധ്യമാവുകയില്ല.

പാൽ സഹകരണ സംഘങ്ങൾ

93 [101] ശ്രീ. വി. ജെ. തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നമ്മുടെ സംസ്ഥാനത്തുള്ള പാൽ സഹകരണ സംഘങ്ങൾ; എത്ര

(ബി) ജില്ല തിരിച്ചുള്ള കണക്ക് വെളിപ്പെടുത്താമോ?

LIBRARY ARCHIVES Kerala Legislative Assembly